# ഗതസേമനയിലെ ക്രിസ്തു.

കെ. എം. വറുഗീസ് —കാളേജ് വിദ്യാർത്ഥി.

(തുടർച്ച)

---

൧൭. കുടിലതപെരുകീടും യൂദസൈന്യം ഗഭീരം
ചൊടിയൊടു പെരുവെള്ളംപോലെ വന്നെത്തിടുമ്പോൾ
മടി കരളിലശേഷം തോന്നിടാതോതിനാനാ-
ബ്ദവരരൊടുവന്നും വേദവേദാന്തരൂപൻ:—

൧൮. "വടി, ഛുരിക, കൃപാണം, മൂർച്ചയേറുന്നകുന്തം,
കൊടിയതരകഠാരം, കത്തി,യിത്യാദിയേന്തി
കീടകിടവിരയാൾക്കും ചേർത്തിടും മട്ടനിങ്ങൾ
ഭടരൊടെവിടെ?—യാരെത്തേടി?—ഹാ! നിസ്തുമിപ്പൂ."

൧൯. അലകളൊടുമരത്തിൻ ശക്തിപോൽധിക്രിയാട്ട-
ഷ്ഫലതരളഹൃദന്തം പൂണ്ടൊരാചാര്യമുഖ്യർ,
"ഖലമതിമണിയാകുംനസ്രായൻ തന്നെ ഞങ്ങൾ
പലവഴിതിരയുന്നെ"ന്നോതിനാർ ക്രിസ്തുവോടായ്.

൨൦. അതിഃനവനിവനാണെ"ന്നുള്ള സച്ചിൽസ്വരൂപ-
പ്രതിവചനശരങ്ങൾ ശത്രുകൂട്ടത്തിലെല്ലാം
അതിചപലമിരമ്പിപ്പാഞ്ഞുപുണ്ണേററി,യത്യൽ-
ഗതിയിലുപവനാന്തം മാറെററാലിക്കൊള്ളമാറായ്.

൨൧. ഘനതരമഹമാളും ക്രിസ്തുവിൻ തൃമുഖത്തിൽ
ദിനകരകരമെഞ്ചും കാന്തികണ്ടാകമാനം
മനസിജഭയഭാരാലാനഖാന്തംവിറച്ചാ-
ജനതതിനിപതിച്ചുബോധമില്ലാതെ മന്നിൽ.

൨൨. വെടിയുടെ രടിതത്താൽബ്ഭീതയാംശാരികപ്പെൺ—
കൊടിയവളൊടുതുല്യം ലോകമാഹന്ത! ഞെട്ടി;
കൊടിയ രുജ വളർത്തും പാപവൃൽപിണ്ഡജാലം
കുടിലതവിഹനിക്കുംവാണികേട്ടൊട്ടുഞെട്ടാം!!

൨൩. സുരഭിലമലർതിങ്ങുംശാഖിചെമ്മേനമിച്ചു.
പ്പരിസരതരുജാലംപേർത്തുമാർത്തററകത്ത്യാ
ശരണമരുളുവാനായങ്ങുകീരാരവത്താൽ
പരമമഹിമയെല്ലാംപാടിവാഴ്ത്തിത്തുടങ്ങി

൨൪. "ഝടുതിയിവിടെയാരെത്തേടിയിന്നെത്തിനിങ്ങൾ?
കെടുതികലരുമോരനസ്രായൻതന്നെയെന്നോ?
വിഗതഭയമിതാമൽശിഷ്യരെവിട്ടുനിങ്ങൾ
നിഗഡമതുമഴീയംപോണിയിൽചേർത്തുകൊൾവിൻ."

൩൭. ഇതുവിധമൂരചെയ്തും ക്രിസ്തുദേവൻെറകൈകൾ
കൊടിയനിഗളബന്ധംകൊണ്ടുനന്നായ് ഞെരിച്ചാർ
കപടരഹിതമാകുംപ്രാവിനേയാഹനിപ്പാൻ
മടിചെറുതുമുദിക്കാ ദുഷ്ടവേടർക്കഹോ!!

൩൮. മുദിതകളപരന്മശ്രീയെഴുംപൊൻകരങ്ങൾ
വിരയമിതുവിധംഹാ!ബന്ധനംചെയ്തിട്ടപ്പോൾ
ഉദിതകലുഷരോഷാൽപേത്രനാചാര്യദാസ—
ന്നതികഠിനനികാരം ചേർത്തുകൈക്ഷതത്താൽ

[തുടരും]

# എസ്തേറിൻെറ പുസ്തകം

## (തുടർച്ച)

കെ. ജി. തോമസ്, റാന്നി.

### മൂന്നാം അദ്ധ്യായം.

ഹാമാൻെറ ഔന്നത്യം അഥവാ ജഡത്തിൻെറ ഉയർച്ച ൩-ാം അദ്ധ്യായം ൧-ാംവാക്യം നാം വായിക്കുന്നതായാൽ ഹാമാൻ പെട്ടെന്ന് ഉയൎന്നപദവിയിൽ എത്തുന്നതായി കാണുന്നു. ജഡികന്മാർ ഈ വിധം ഉയൎന്നുവരുന്നതു നാം അനുഭവത്തിൽ കാണുന്നുണ്ട്. തന്നിമിത്തം ഇവർ നിഗളികളും, ദൈവദ്വേഷികളും ദൈവജനങ്ങളേയും, കൎത്താവായ യേശുക്രിസ്തുവിൻെറ സുവിശേഷത്തിൻെറ ശക്തിയേയും നിന്ദിക്കുന്നവരും ആയിത്തീരുന്നു. അവരുടെ അന്തം നൊടിനേരത്തിനുള്ളിൽ ഹാമാൻേറതുപോലെ ആകുന്നു. അവരുടെ ഹൃദയത്തിൻെറ നിഗളം അവരെ ചതിച്ചു എന്ന വചനത്തിൽ പറയുന്നതു് എത്രയോ വാസ്തവം. "അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു." സങ്കീ. ൩൭: ൨. ജഡമനുഷ്യൻെറ ഉല്ലാസപ്രിയവും ഉയർച്ചയും, പ്രതാപസ്ഥിതിയും നിശ്ചയമായും അതിവേഗത്തിൽ അവസാനിക്കുന്നു എന്ന് ഈ സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. "നീ അവൻെറ ഇടം സൂക്ഷിച്ചുനോക്കും അവനെ കാൺകയില്ലാ." സങ്കീ ൩൭: ൧൦. പ്രാകൃതമനുഷ്യൻ പ്രബലനാകുന്നതും സ്വദേശികമായ പച്ചവൃക്ഷംപോലെ തഴയ്ക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഞാൻ പിന്നെ അതിലെ പോയപ്പോൾ അവൻ ഇല്ല. ഞാൻ അന്വേഷിച്ചു അവനെ കണ്ടതുമില്ല. സങ്കീ. ൩൭: ൩൫—൩൬. മനുഷ്യരുടെ ഇടയിൽ ഉന്നതമായതു് ദൈവത്തിൻെറ സന്നിധിയിൽ അറെപ്പത്രെ. ലൂക്കൊ. ൧൬: ൧൫. ഹാമാൻ പെട്ടെന്ന് പ്രബലനായി. അതുപോലെതന്നെ അവൻ എത്രയും എളുപ്പത്തിൽ അവസാനിക്കുകയും ചെയ്തു. ഇതുനിമിത്തം സ്ഥിരനായ ദൈവത്തിൽ ഉറപ്പായി വിശ്വസിക്കുന്നതിനും തൻെറ നിശ്ചലകൃപകളിൽ ആശ്രയി

ഷിക്കുന്നതിനും, ഹാമാന്റെ ചരിത്രം നമ്മെ പ്രബോധിപ്പിക്കുന്നു.

ഹാമാനെപ്പററി മററുവിധത്തിൽ വിചിന്തനം ചെയ്യുമ്പോൾ അതു് ഓരോ വിശ്വാസിയിലുമുള്ള ജഡത്തിന്റെ ഭരണശക്തിയെ വെളിപ്പെടുത്തുന്നു. ജഡസ്വഭാവം ദൈവത്തോടു ശത്രുത്വമുള്ളതെന്നും ക്രിസ്തുയേശുവിനാൽ വിശ്വാസിക്കു ലഭിക്കുന്ന പുതുജീവൻ ജഡത്തിന് എതിരാളി എന്നും നാം അറിഞ്ഞിരിക്കണം. ജഡസ്വഭാവത്തിനു ദൃഷ്ടാന്തങ്ങളായ ഒട്ടു വളരെ ആളുകളെ തിരുവെഴുത്തുകളിൽ നിന്നും ഗ്രഹിപ്പാൻ കഴിയും. വാഗ്ദത്തസന്തതിയായ ഇസഹാക്കിന്റെ ബദ്ധശത്രുവായ ഇശ്മായേലും, ആദ്യവസാനം സ്വജനമായ ഇസ്രായേലിന്റെ ശത്രുക്കളായിരുന്ന ഏശാവിന്റെ സന്തതികളായ അമാലേക്യരും, ദൈവത്തിന്റെ അഭിഷിക്തനായ ദാവീദിന് എതിരായി പ്രവർത്തിച്ച അബ്ശാലോമും, ബേലിയാലിന്റെ പുത്രന്മാരായ ഹൊഫ്നിയും, ഫീനെഹാസും, വിശിഷ്യ, ഹാമാനും, വാഗ്ദത്തസന്തതിക്കെതിരായി പ്രവർത്തിക്കുന്ന ജഡത്തിന്റെ സാദൃശ്യങ്ങളായി പരിഗണിക്കപ്പെടേണ്ടവരാണ്. ഹാമാന്റെ ശക്തിയേറിയ എതിർപ്പുമൂലം ശൂശൻപട്ടണം കലങ്ങിപ്പോയതായി ൩: ൧൫-ൽ നാം വായിക്കുന്നു. മാത്രമല്ല, രാജ്യം മുഴുവൻ ഹാമാനെ കുമ്പിട്ടു വന്ദിച്ചതായും ൩: ൨-ൽ പറയുന്നുണ്ട്. എന്നാൽ ഒരാൾ മാത്രം ഒരിക്കൽപോലും ഹാമാനെ വന്ദിച്ചതായോ, അവനു് കീഴ്പ്പെട്ടതായോ നാം കാണുന്നില്ല. ഇങ്ങനെയുള്ള ഈ മനുഷ്യൻ ക്രിസ്തുയേശുവിന്റെ പ്രതിരൂപമായ മൊർദ്ദെഖായിതന്നെ. അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നിഴലായി ശോഭിക്കുന്നു. അവൻ ജഡത്തിനു കീഴ്പ്പെടുകയോ, ജഡത്തെ അനുസരിക്കുകയോ ചെയ്തിട്ടില്ല. ആത്മീയന്മാരായ പലരുടെയും ചരിത്രം പരിശോധിക്കുന്നപക്ഷം അവർ ഏതെങ്കിലും ഒരു രൂപത്തിൽ ജഡത്തിനു കീഴ്പ്പെട്ടുപോയിട്ടുണ്ടെന്നുള്ളതിന് വചനത്തിൽ തെളിവുകൾ ഉണ്ട്. അബ്രഹാം, ദാവീദ്, ശിംശോൻ മുതലായവരുടെ അനുഭവങ്ങൾ ഈ വിഷയത്തിൽ സാക്ഷ്യം വഹിക്കുന്നു. എന്നാൽ ഒരു നിമിഷമെങ്കിലും തന്റെ ഐഹികജീവിതത്തിൽ ജഡപ്രേരകങ്ങൾക്കോ മനുഷ്യാലോചനകൾക്കോ വശംവദനാകാതെ സർവ്വോപരി തന്റെ ജീവിതത്തെ നയിച്ച ഒരു മനുഷ്യന്റെ ജീവചരിത്രം പുതിയനിയമത്തിൽ തങ്കാക്ഷരത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്നതു കർത്താവായ യേശുക്രിസ്തു എന്ന മഹൽപുരുഷന്റെ മാത്രമാണ്. ഇതു് ആശ്ചര്യാവഹമായ ഒരു വൃത്താന്തം മാത്രമല്ല, ഒരു ക്രിസ്തീയപരിജ്ഞാനംകൂടിയത്രെ. വായനക്കാരെ, നമുക്കു സാവധാനത്തിൽ മുമ്പോട്ടു പോകാം. ശൂശൻപട്ടണം പുതുജീവൻ ലഭിച്ച വിശ്വാസിയുടെ ഹൃദയമായി സ്വല്പനേരം ചിന്തിക്കാം. ഒരു ജീവിതവൃത്തത്തിൽ ജഡം പ്രബലപ്പെടുന്നതിനാൽ വിശ്വാസിയുടെ ആത്മാഭിമാനം കുറഞ്ഞുപോകുന്നതും, ദുഃഖസമ്മിശ്രമായി തന്റെ ജീവനെ മാറ്റുന്നതുമാകുന്നു. റോമ ലേഖനം ഏഴാം അദ്ധ്യായം പതിനാലാം വാക്യം മുതൽ വായിക്ക. ഈ ഭാഗത്തു ജഡത്തിന്റെ പോരാട്ടംമൂലമുള്ള അവസ്ഥാന്തരങ്ങളെ വർണ്ണിക്കുന്നുണ്ട്. "ഹാ! അരിഷ്ടനായ മനുഷ്യൻ ഞാൻ. ഈ മരണത്തിന്നധീനമായ ശരീരത്തിൽനിന്നു എന്നെ ആർ

# The Heavenly Pair.

(A. M. Samuel, B. A.)

The fullest portraiture of the divine lovers meets its grandest perfection in the Canticle of Canticles, and the excellence of this book lies in its beautiful similies which none other than the Holy Spirit can draw. Always it is his business to bring Christ to the forefront, and this noble achievement has been accomplished by him in this poem in the most attractive manner. Having given a pastoral background to the whole poem, the designer has clearly exemplified the theme in which Christ is unveiled as the Celestial Bridegroom and the Church as His happy Bride. The hero and the heroine are unsurpassed in their mutual relationship, and perhaps there will not be a fuller delienation of a pair of lovers better perfected in any other literature of the world than in this short pastoral piece. The sacredness of marriage is fully observed, and this book serves as an exposition to the institution of marriage established by God after the creation of Man. While many denounce this as obscene and nasty, the saintliest of men and women have derived from it the fountain of an exquisite delight. To the unspiritual mind it is mysterious and incomprehensible, and to the ascetic it is detestable to the very core. Nevertheless, it has been ever a precious treasure to the Children of God who have only got the right vision to see into the ecstastic beauties of its inner chambers.

One may rather consider it exaggeratory to hear that St. Bernard wrote no fewer than eighty six sermons on the first two chapters. The fascinating beauty of the details sheds a lustre of divine majesty and sanctity over the whole pastoral. The rural environments so strike the readers with astounding and felicitous tranquillity, that only such an air can lead the soul to the utmost recesses of deep meditation and fervent thought. Like the Psalmist who feels the company of the Shepherd 'beside the still waters' the child of God ought to seek a solitary repose where he can happily commune with the Beloved. On the soft velvet-like green turf he maketh his love to lie down, so as to make her a partaker of His marvellous bliss and fellowship. It is there she finds the sweet embodements of joyful communion, and we find her yearning for that place in an

anguish of extreme desire, because there and there alone can her poor and fragile frame inhale an odorous breeze that will instantly send ample vigour and vitality into her dormant and withered structure. "Tell me" she exclaims, "O thou whom my soul loveth, where thou freedest, where thou makest thy flock to rest at noon". No wonder, that her heart bleeds at every interval she misses the company of her Beloved. Love itself is portrayed as inseparable, everlasting, and unassailable. "Many waters cannot quench love, neither can the floods drown it". The pictures presented are the most vivid and impressive, claiming the highest quality of their kind ever accomplished in fine arts.

At the first blush, we are astonished to find in the Bible a poem on human love. The mutual attraction of the sexes reminds us, that it is of God's ordaining at the Creation. Love is exposed as divinely planned, ordered and regulated, and it is raised on a pinnacle of hallowed splendour the glow of which drives both lust and asceticism from either sides. "What God hath joined together, let no man put asunder," & this mysterious verdict from the eternal throne can never be gainsaid or opposed by any being that has breath in his nostrils. But the pollution made on it by disturbing the divine balance, bears the awful stigma of disobedience to the sovereign authority of the Almighty. We read in I Timothy, that those that depart from the Faith will forbid to marry, and this is sufficient warning to a child of God who may instantly discriminate the wheat from the chaff. Others revert to the other end of the scale, totally abusing the sacred decree by defiling the marriage-bed and evolving into whoremongers and adulterers. (Heb. 13:4) But he that keeps himself to secure to the edge of truth without blunting the holiness of the divine law can draw from the Canticle of canticles, an undefiled stream of inexhaustible effusion which will replenish his wearied soul. It will carry him straight to the land of Beulah which is upon the borders of Heaven within sight of the Holy New Jerusalem. He will have there horizon of faith widened to an immeasurable circumference and he will behold wonders of Grace yet unrealized. That himself is a part of that Celestial Bride who anxiously awaits the speedy advent of her Bridegroom cherishes his heart with unbounded enthusiasm and rapture.

The repeated similes of the Bride & Bridegroom make the diligent seeker understand in a long vista of continuous stretch the past, present and future realities of the Hidden Mystery. Paul unveils this Mystery here and there in his Epistles. How conclusively does he bring the married life of the spirit-filled believer to the profound illustration of Christ and the Church! And in the last pages of the Bible we have the prophetic vision of John at Patmos where he sees the Lamb and His Bride arrayed in the most gorgeous & dazzling attire. The Bearer of the Name, "The Word of God" is clothed in a vesture dipped in blood—My Beloved is white and ruddy—seated on a white horse, crowned with many diadems. On his vesture is a Name written "King of Kings, and Lord of Lords". View again the Lamb's wife likened to a city covered by the Glory of God, and laid in a foundation garnished with all manner of precious stones. See her again in her wedding garment decked in fine linen clean and white of utter purity. The Holy Spirit has clearly distinguished her from Israel the adulterous and repudiated wife of Jehovah. See again the smoke rising from the ashes of Babylon, the Great Harlot. She has been the arch enemy of the Church, and now she is pushed into the Lake of Fire and Brimstone, with her rider and there her smoke ascendeth! Happy Bride of Christ! Her seducer and enemy is destroyed and her marriage is soon to take place. What a fine galaxy of events! She is finally accepted as the Lamb's Bride clothed in His glory, and satisfied by Him.

One may compare the Church and Christ to the heroine and hero of the whole Bible plot. In that case, Satan is the villain of the whole story. From the very beginning to the end, the villain has been trying with all his machinations to sever the heroine from the hero. At times he may have been successful in his wiles, but as the story consummates, the villain is blown away from the stage into the Lake of Fire. The happy pair has rejoined, and the novel character of the Bible receives its masterly execution.

Once more let us survey the vicissitudes of the past. Adam and Eve created in innocence were placed in the Garden of Eden. Their happy stay in the Paradise of God was brought to a calamitous woe by the deceit of Satan who just prevailed over them. But at the fulness of time God raised the Seed of the

Woman to 'bruise the serpent's head'. From the Garden of Gathsemene the work of Redemption proper commenced. From there he was winning his trophies one by one until atlast on the Cross of Calvary he secured his master-triumph by "spoiling principalities, and powers, and making a show of them openly". On the Resurrection Morning he broke the fetters of Death and turned out to be the mighty Victor over Hell and Grave. He was thus raised to a Name "which is above every name that at the Name of Jesus every knee should bow of things in Heaven, and things in Earth, and things under the Earth". Every work of the devil was thus foiled and the Victor entered through the gates of Paradise shut for ever, since the Fall of Man, but now opened to receive the Mighty Conqueror. At the shouting voice, "Lift ye your heads, O ye gates," the gates flew open, to welcome the redoubted Champion. The King of Glory entered in, amid the loud swelling choruses of angels, seraphim, and cherubim. Soon he will return to receive his Queen—The Church. Then she will be seen on his right hand in gold of Ophir, and decked with all magnificent robes. Until this reunion, she is placed among the thorns as as a beautiful fragrant lily. (Songs. 2:2.) She is now squeezed from all sides by the briers and thistles surrounding her. But a day will come when all her oppressors shall be hurled into Eternal Damnation. She will be then united to the Lamb in holy wedlock amid the hallelujahs and rapturous praises of the heavenly host. The chaste Virgin espoused to the one Husband will be honourably presented before the Presence of His Glory with exceeding joy. Till that hour arrives, her continuous prayer will be, "Make haste my Beloved, and be thou like to a roe or to a young hart upon the mountain of spices". (Songs 8:14) In other words she will be crying "Even so, come Lord Jesus". With this prayer this beautiful pastoral ends in the fullest strain of the Bride's echoing chorus.

# ധ്യാനമഞ്ജരി.

## പുറപ്പാട്പുസ്തകം.

(C. H. M.)

ഇങ്ങിനെ സംഗതികൾ തുടൎന്നുകൊണ്ടിരിക്കവേ കൎത്താവു വരും. "അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽനിന്നു പുകഴ്ച ഉണ്ടാകും." (൧ കൊരി. ൪:൫) ഇതു നേരുള്ള എല്ലാമനസ്സിനും സ്വാമിഭക്തിയുള്ള എല്ലാ ഹൃദയത്തിനും വിലയേറിയതും ആശ്വാസകരവുമായ സത്യമത്രേ. "ഹൃദയം" വളരെ ആലോചനകളെ രൂപവൽക്കരിക്കാം. അതുപോലെ പല ഹേതുക്കളാൽ "കൈകൾ" അതിനെ നടത്തുവാൻ കഴിഞ്ഞില്ലെന്നു വരാം. ഈ മാതിരിയുള്ള "ആലോചനകൾ"എല്ലാം "കൎത്താവു വരുവോളം" സ്വീകരിക്കപ്പെടും. നമ്മോടു ഇപ്രകാരം പറഞ്ഞിരിക്കുന്ന കൃപാവാഗ്ദത്തപ്പെടട്ടെ! ഹൃദയത്തിന്റെ ശ്രേഷ്ഠമപൂൎവ്വമായ ആലോചനകൾ കൈകളുടെ അത്യധികമായ പരിശ്രമങ്ങളേക്കാൾ ക്രിസ്തുവിനു വളരെ വളരെ വിലയേറിയതാണ്. ഇവയിൽ ഒടുവിൽ പറഞ്ഞതു മനുഷ്യദൃഷ്ടിക്കു മുൻപാകെ ശോഭിച്ചേക്കാം. ആദ്യത്തേതോ, യേശുവിന്റെ ഹൃദയത്തെ മാത്രം ലക്ഷീകരിച്ചിട്ടുള്ളതാണ്. ഒടുവിലത്തേതു, മനുഷ്യരുടെ ഇടയിൽ ശ്ലാഘിക്കപ്പെട്ടെന്നു വരാം. എന്നാൽ ആദ്യത്തേതു ദൈവത്തിന്റെയും അവന്റെ വിശുദ്ധ ദൂതന്മാരുടേയും മുമ്പാകെ സ്പഷ്ടീഭവിക്കുന്നതാണ്. ക്രിസ്തുവിന്റെ എല്ലാ ഭൃത്യന്മാരും തങ്ങളുടെ ഹൃദയത്തിൽ അവിഭക്തമാംവണ്ണം അവന്റെ ആളത്വത്തെ അനുഭവിക്കട്ടെ. അവരുടെ കണ്ണുകൾ അവന്റെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷയാൽ സ്ഥിരീകൃതമാകട്ടെ.

മോശയുടെ വഴിയെക്കുറിച്ചു നാം ആലോചിക്കുന്നതായാൽ വിശ്വാസം പ്രകൃതിയുടെ സാധാരണമായ ഒഴുക്കിന്നു തീരെ വിലങ്ങത്തിൽ അവനെ നടത്തിയവിധം നാം കാണുന്നു. അതു അവനെ ഫറവോന്റെ രാജധാനിയിലെ എല്ലാ സന്തോഷങ്ങളും ബഹുമാനങ്ങളും ആകർഷണങ്ങളും നിസ്സാരമായി ഗണിക്കയും പ്രത്യക്ഷമാംവണ്ണം വിശാലമായ ഉപയോഗിതയുടെ ഗോളത്തെ വിട്ടുകളകയും ചെയ്യത്തക്കവണ്ണം അവനെ നടത്തി. മാനുഷമായ ഔചിത്യബുദ്ധി തീരെ വിപരീതമായ പാതയിൽ കൂടി അവനെ നയിക്കുമായിരുന്നു. ദൈവജനങ്ങൾക്കായി അവന്റെ സ്വാധീനശക്തി ഉപയോഗപ്പെടത്തക്കവണ്ണം അതായതു, അവരോടുകൂടി കഷ്ടപ്പെടുന്നതിനു പകരം അവൎക്കുവേണ്ടി പ്രവൎത്തിക്കുന്നതിന്നു മാത്രം അതു അവരെ നടത്തുമായിരുന്നു. മനുഷ്യന്റെ ഗുണദോഷനിരൂപണശക്തിപ്രകാരം നിയതി അഥവാ സ്വാഭാവികമായ ദൈവകരുതൽ മോശെക്കു വിശാലവും അതിമുഖ്യവുമായ ഒരു പ്രയത്നമണ്ഡലത്തെ തുറന്നുകൊടുക്കുമായിരുന്നു എന്നു തോന്നാം. നിശ്ചയമായിട്ടും ദൈവത്തിന്റെ ഒരു മനുഷ്യനെ ഒരു ഉന്നതാവസ്ഥയിൽ

ഷെകിന്നതിന് എപ്പോഴെങ്കിലും വെളിപ്പെട്ടിട്ടുണ്ടെങ്കിൽ അതു് അവൻെറ സംഗതിയിൽ ആയിരുന്നു. എത്രയും അൽഭുതകരമായ ഒരു ഇടപാടിനാൽ, ഓരോ കണ്ണിയും ദൈവത്തിൻെറ കൈവിരലാണെന്ന് സ്പഷ്ടീകരിക്കുന്ന എണ്ണപ്പെടാത്ത സംഭവങ്ങളുടെ ചങ്ങലയാൽ, മനുഷ്യൻെറ ദൂരദൃഷ്ടിക്കു ക്രമീകരിക്കാൻ കഴിയാത്ത സംഭവങ്ങളുടെ തുടർമാനത്താൽ, മോശയെ വെള്ളത്തിൽ നിന്നു വലിച്ചെടുക്കുന്നതിനും നാല്പതു വയസ്സാകുന്നതുവരെ അവനെ പോഷിപ്പിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുമുള്ള ഉപകരണമായി ഫറവോൻെറ പുത്രി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഈ പരിതഃസ്ഥിതികളുടെ മദ്ധ്യത്തിൽ അവൻെറ ഉയർന്നതും മാന്യവും സ്വാധീനശക്തിയുള്ളതുമായ സ്ഥിതി വിട്ടുകളകയെന്നുള്ളതു് അവൻെറ നോട്ടത്തിൽ ശരിയായ യാതൊരു വിവേചനത്തിനും സമ്മതിപ്പാൻ കഴിയാത്തതും വഴിതെററിയതുമായ വൈരാഗ്യത്തിൻെറ ഫലമെന്നു മാത്രമേ ഗണിപ്പാൻ കഴിയുമായിരുന്നുള്ളു.

പാവപ്പെട്ട അന്ധമായ പ്രകൃതിക്കു ഈ വിധം ന്യായവാദം ചെയ്യാം. എന്നാൽ വിശ്വാസം വേറെ വിധത്തിലാണു് ഇതിനെപ്പററി ചിന്തിച്ചതു്. കാരണം, നിയതിയും വിശ്വാസവും പരസ്പരം വൈപരീത്യത്തിലാണ്. ഒററവിഷയത്തിൽ തന്നെയും അവയു യോജിക്കാൻ കഴികയില്ല. നിയതിയുടെ കവാടോൽഘാടനം അഥവാ നിയതി വാതിൽ ഇറന്നു തരിക എന്നു സാധാരണ വിളിച്ചു വരുന്നവയിലാണ് സർവ്വാധികമായി അവ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നതു്. ഈ മാതിരി വാതിലുകൾ സ്വപരീക്ഷണത്തിനുള്ള മുന്നറിവുകളാണെന്നു് പ്രകൃതി എല്ലായ്പോഴും വിചാരിക്കുന്നു. എന്നാൽ വിശ്വാസം അവയിൽ ആത്മപരിത്യാഗത്തിനുള്ള സാവകാശങ്ങളെയാണു കണ്ടെത്തുന്നതു്. തർശീശിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടപ്പോൾ അതു നിയതിയുടെ ഗണ്യമായ ഒരു വാതിലാണെന്ന് യോനാ വിചാരിച്ചു കാണും. എന്നാൽ സത്യത്തിൽ അതു് അനുസരണത്തിൻെറ പാതവിട്ടു് വഴതിപ്പോകുന്നതിനുള്ള ദ്വാരം മാത്രമായിരുന്നു. എല്ലാററിലും തൻെറ പിതാവിൻെറ കൈകൾ കാണുന്നതും അവൻെറ ശബ്ദം കേൾക്കുന്നതും ക്രിസ്ത്യാനിയുടെ പദവിയാണെന്നുള്ളതിനു സംശയമില്ല. എന്നാൽ അവൻ പരിതഃസ്ഥിതികളാൽ നടത്തപ്പെടുന്നവനാകരുതു്. അങ്ങിനെ നടത്തപ്പെടുന്ന ഒരു ക്രിസ്ത്യാനി ചുക്കാനോ വടക്കുനോക്കി യന്ത്രമോ കൂടാതെ കടലിൽ സഞ്ചരിക്കുന്ന യാനപാത്രം പോലെയാണ്. അതിൻെറ യാത്ര തിരകളുടേയും കാററുകളുടേയും കരുണയെ അനുസരിച്ചിരിക്കും. തൻെറ കുഞ്ഞിനോടുള്ള ദൈവത്തിൻെറ വാഗ്ദത്തം "എൻെറ കണ്ണുകൊണ്ടു ഞാൻ നിന്നെ നടത്തും" (സങ്കീ. 32: 8.) എന്നാകുന്നു. "നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയേയും കോവർ കഴുതയേയും പോലെ ആകരുതു്."

അവയുടെ ചമയങ്ങളായ കടിഞ്ഞാൺ മുഖപ്പട്ടയും കൊണ്ടു അവയെ അടക്കിവരുന്നു; അല്ലെങ്കിൽ അവ നിനക്കു സ്വാധീനമാകയില്ല" എന്നത്രേ പിതാവിൻെറ ഉൽബോധനം. സന്ദർഭങ്ങളുടെ കടിഞ്ഞാണിനേയും മുഖപ്പട്ടയേയുംകാൾ നമ്മുടെ പിതാവിൻെറ കണ്ണുകളാൽ നാം നടത്തിക്കപ്പെടുന്നതു് അധികം നല്ലതു്. ശരി

ച്ചുവരുന്ന അർത്ഥത്തിൽ നിയതിയെ
നാലുള്ള പരിതഃസ്ഥിതികളുടെ പ്രേര
ണയുള്ള ഒരു പര്യായപദം മാത്രമാ
കുന്നു.

എന്നാൽ നിയതിയുടെ സ്പഷ്ട
മായ കവാടോൽഘാടനങ്ങളെ നിര
സിക്കയും വിട്ടുകളകയും ചെയ്യുന്നതില
ത്രെ വിശ്വാസത്തിന്റെ ശക്തി ഇട
വിടാതെ പ്രത്യക്ഷീഭവിക്കുന്നതു്. മോ
ശയുടെ സംഗതിയിൽ അങ്ങിനെത
ന്നെയായിരുന്നു. വിശ്വാസത്താൽ
“അവൻ ഫറവോന്റെ പുത്രിയുടെ
മകനെന്നു വിളിക്കപ്പെടുന്നതു നിര
സിച്ചു.” “വിശ്വാസത്താൽ അവൻ
മിസ്രയീം വിട്ടുപോന്നു.” തന്റെ ക
ണ്ണുകളുടെ കാഴ്ചപ്രകാരം അവൻ വി
വേചിച്ചിരുന്നുവെങ്കിൽ ദയയുള്ള നിയ
തിയുടെ സുസ്പഷ്ടമായ ഒരു ദാനമായി
നൽകപ്പെട്ട ഉന്നതിയെ അവൻ മുറു
കെ പിടിച്ചുകൊണ്ടിരിക്കയും ഫറവോ
ന്റെ കൊട്ടാരത്തെ ദൈവത്തിന്റെ
കയ്യിനാൽ അഭിവ്യക്തമായി തനിക്കു
തുറന്നുകിട്ടിയ ഉപയോഗിതയുടെ മ
ണ്ഡലമായി ഗണിച്ച് അതിനെ അ
വൻ വിടാതെയിരിക്കയും ചെയ്യുമാ
യിരുന്നു. എന്നാൽ അവൻ തന്റെ
കണ്ണുകളുടെ കാഴ്ചയാലല്ല, വിശ്വാസ
ത്താലത്രെ നടന്നതു്. തന്നിമിത്തം
അവൻ എല്ലാംവിട്ടു. ഹാ! ശ്രേഷ്ഠമാ
യ ഒരു ദൃഷ്ടാന്തം! അതിനെ പിന്തുട
രുവാൻ നമുക്കു കൃപലഭിക്കട്ടെ.

ഇനിയും നമുക്കു മിസ്രയീമിലെ നി
ക്ഷേപങ്ങളെക്കാൾ മോശ കൂടുതലായി
മതിച്ച സാധനമെന്തായിരുന്നുവെന്നു
നോക്കാം. അതു ക്രിസ്തുവിന്റെ നി
ന്ദ തന്നെ. കേവലം ക്രിസ്തുവിനു
വേണ്ടിയുള്ളതല്ലായിരുന്നു അതു്. “നി
ന്നെ നിന്ദിക്കുന്നവരുടെ നിന്ദകൾ
എന്റെമേൽ വീണു.” കൃപയുടെ പൂ
ർണ്ണതയിൽ കർത്താവു തന്റെ ജനങ്ങ
ൾക്കു സമനായിത്തീർന്നു. പിതാവി
ന്റെ അങ്കതലവും സകല മഹത്വവും
പരിത്യജിച്ച് സ്വജനങ്ങളുടെ നില അ
വൻ അംഗീകരിച്ച് അവരുടെ പാപ
ങ്ങളെ ഏറ്റാളുകൂടാതെ ശപിക്കപ്പെട്ട
മരത്തിൽ അതിനുള്ള ന്യായവിധി അ
നുഭവിക്കയും ചെയ്തു. ഹൃദയപൂർവ്വമായ
അവന്റെ ഭക്തി ഇപ്രകാരമായിരുന്നു.
അവൻ നമുക്കുവേണ്ടി പ്രവർത്തിച്ചതു
മാത്രമല്ല, പിതാവിനോടു, അവൻ
നമ്മോട് ഏകീഭവിച്ച് നമുക്കെതി
രായിരുന്നവയും എതിരാകാവുന്നവയു
മായ എല്ലാററിൽ നിന്നും നമ്മെ വി
ടുവിക്കയാണ് ചെയ്തതു്.

ഇതിൽനിന്ന് മോശ തന്റെ ജന
ത്തോടുള്ള അനുകമ്പയാൽ (സമദുഃഖി
തയിൽ) എത്രമാത്രം ക്രിസ്തുവിന്റെ
ആത്മാവോടും മനസ്സോടും കൂടിയിരു
ന്നുവെന്നു നാം കാണുന്നു. അവൻ ഫ
റവോന്റെ ഗൃഹത്തിലെ സുഖം, ആ
ഡംബരം, പ്രതാപം എന്നിവയുടെ
നടുവിലായിരുന്നു. പാപത്തിന്റെ സ
ന്തോഷങ്ങളും ഈജിപ്റ്റിന്റെ നിക്ഷേ
പങ്ങളും അതിസമൃദ്ധിയിൽ അവന്റെ
ചുറ്റും ചിതറിക്കിടന്നിരുന്നു. അവനു
മനസ്സുണ്ടായിരുന്നെങ്കിൽ ഇതെല്ലാം
അനുഭവിക്കാൻ സാധിക്കുമായിരുന്നു. ധ
നത്തിന്റെയും ഐശ്വര്യത്തിന്റെയും
നടുവിൽ അവനു ജീവിച്ചിരിക്കാമായി
രുന്നു. അവൻ താദൃശം തെരഞ്ഞെടു
ത്തിരുന്നെങ്കിൽ അവന്റെ വഴി മുഴു
വൻ ആദിമുതൽ അന്തംവരെ രാജ
കീയാനുകൂല്യത്തിന്റെ സൂര്യശോഭയാ
ൽ പ്രകാശിക്കുമായിരുന്നു. എന്നാൽ
അതു വിശ്വാസമാകയില്ല. അതിൽ
ക്രിസ്തുസാദൃശം ഉണ്ടായിരിക്കയുമില്ല.
ഉയർന്നനിലയിൽ നിന്നുകൊണ്ട് അ

ൻ തന്റെ സഹോദരന്മാർ അവരുടെ ഭാരമുള്ള ചുമടിൻ കീഴ് ഞെരുങ്ങിപ്പോകുന്നതു കണ്ടു. തന്റെ സ്ഥാനം അവരോടുകൂടെയാണെന്നു കാണുവാൻ വിശ്വാസം അവനെ വഴിനടത്തി. അതെ, അവരോടുകൂടി അവരുടെ എല്ലാ നിന്ദയിലും, അടിമയിലും, താഴ്ചയിലും, ദുഃഖത്തിലും അവൻ ഭാഗഭാക്കായിത്തീർന്നു. വെറും ഔദാര്യമോ പരോപകാരബുദ്ധിയോ സ്വദേശാഭിമാനമോ അവനെ പ്രേരിപ്പിച്ചിരുന്നെങ്കിൽ തന്റെ സഹോദരന്മാർക്കുവേണ്ടി തന്റെ വ്യക്തിപരമായ സ്വാധീനശക്തിയെ അവൻ ഉപയോഗിക്കുമായിരുന്നു. അവന് അവരുടെ ഭാരം കുറയ്ക്കുന്നതിനു ഫറവോനെ വശീകരിക്കുവാൻ സാധിക്കുമായിരുന്നു. രാജാവിന് അവരുടെ നേരെ വാത്സല്യം തോന്നി അവർക്കു നൽകാവുന്ന സഹായങ്ങളാൽ അവരുടെ ഭാരത്തെ അധികം ലഘുവാക്കുമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഹൃദയത്തോട് സമാനാധികരണ്യമുള്ള ഒറ്റത്തുടിപ്പെങ്കിലും ഉള്ള ഹൃദയത്തെ ഇതു ഒരു നാളും തൃപ്തിപ്പെടുത്തുകയില്ല. ഈ പ്രകാരമുള്ള ഹൃദയത്തെ മോശ തന്റെ മാറിൽ വഹിച്ചിരുന്നു. അതിനാൽ ഈ ഹൃദയത്തിന്റെ എല്ലാ പൗരുഷശക്തിയോടും പ്രേമശക്തിയോടുംകൂടി തന്റെ ശരീരാത്മദേഹികം മുഴുവൻ ഞെരുക്കപ്പെടുന്ന സഹോദരന്മാരുടെ നടുവിലേക്ക് മോശ എറിഞ്ഞുകൊടുത്തു. അവൻ "ദൈവമക്കളോടുകൂടി കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു." എന്നു മാത്രമല്ല, അവൻ അതു വിശ്വാസത്താൽ ചെയ്യുകയും ചെയ്തു.

# കുറിപ്പുകൾ.

കുംഭം ൧൫, ൧൬ ഈ തീയതികളിൽ കമ്പനാട്ടു സഭാമന്ദിരത്തിൽവച്ചു വേലക്കാരുടെ പ്രത്യേക യോഗവും, നോയൽസായ്പവർകളുടെ യാത്രാമീറ്റിംഗും നടക്കയുണ്ടായി. മിക്കവാറും എല്ലാ സ്ഥലത്തുമുള്ള വേലക്കാരും അധ്യാപകന്മാരും അവിടെ സന്നിഹിതരായിരുന്നു. സായ്പവർകൾ, "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ" എന്നുള്ള വേദഭാഗം ഉദ്ധരിച്ചു ശക്തിമത്തും ഉൽബോധജനകവുമായ ഒരു പ്രസംഗം ചെയ്തു. അതിൽ വേലക്കാരുടെ ചുമതലകളെയും, കർത്താവിന്റെ കല്പനകളുടെ മാഹാത്മ്യത്തെയും പറ്റി സവിസ്തരം പ്രസ്താവിച്ചിരുന്നു. മെസ്സേഴ്സ് പി. റ്റി. തോമസ്, പി. സി. ജോൺ, കെ. ജി. തോമസ്, കെ. വി. സൈമൺ എന്നീ ഉപദേഷ്ടാക്കന്മാർ തങ്ങളുടെ പ്രാർത്ഥനകളും പ്രബോധനങ്ങളും കൊണ്ടു സദസ്സിനെ ഉത്സാഹപ്രദമാക്കി.

നോയൽസായ്പവർകൾ അടുത്ത ചൊവ്വാഴ്ച യാത്ര ചെയ്യാനിരുന്നതുകൊണ്ടു കുംഭം ൧൮-ാം൹ കമ്പനാട്ടു വെച്ചു നടന്ന സമായോഗത്തിനു വിശിഷ്യ, കോയിപ്രം, പൂവത്തൂർ, ഇടയാറന്മുള, കറിയന്നൂർ, കവുങ്ങുംപ്രയാർ മുതലായ സഭകളും വന്നുചേർന്നു. സമായോഗം ഏറ്റവും അനുഗ്രഹകരമായിരുന്നു. എല്ലാവരും സായ്പവർകൾക്കു സുഖയാത്ര ലഭിക്കുന്നതിനും സന്തോഷ

പൂർവ്വം തിരിച്ചുവരുന്നതിനും പ്രാർത്ഥിക്കയും വന്ദനം പറഞ്ഞു പിരികയും ചെയ്തു.

× × × ×

പ്രതിവർഷം നടന്നുവരാറുള്ള അയനിക്കാട്ട കൺവെൻഷൻ കുംഭം ൨൨ മുതൽ ൨൯ വരെ തീയതികളിൽ കാവിനാൽകടവിൽ മണൽപ്പുറത്തുവച്ചു ഭംഗിയായും അനുഗ്രഹപ്രദമായും നടന്നിരിക്കുന്നു. പ്രാസംഗികന്മാരായി മി: ഡേവീസ്, മി: ബ്ലാസ്ലഫ് എന്നീ സായ്പന്മാരെ കൂടാതെ മെസ്സേഴ്സ് പി. സി. ജോൺ, കെ. ജി. തോമസ്, തോമസ് കാത്തികപ്പള്ളി എന്നിവരും ഉണ്ടായിരുന്നു.

× × × ×

കുംഭം ൨൭-ാംനു ഇടയാറന്മുള സഭാമന്ദിരത്തിൽവെച്ചു പടിഞ്ഞാറൻ സെൻട്രൽ യുവജനയോഗം തൃപ്തികരമായി നടന്നിരിക്കുന്നു.

× × × ×

കുംഭം ൨൬-ാംനു മുതൽ ൩൦-ാംനു വരെ കല്ലിശ്ശേരിയിലും മീനം ൧-ാംനു മുതൽ ൩-ാംനു വരെ പുനലൂരും മിഷ്യനറി മി: ഡേവിസ് ചില പ്രത്യേക യോഗങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി ൩-ാംനു മുതൽ മൂന്നുദിവസം കെ. വി. സൈമൺ അവർകളുടെ പ്രസംഗങ്ങളും പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നു. ഈ യോഗങ്ങളിൽ ശ്രോതാക്കൾ വളരെ താൽപ്പര്യമായി സംബന്ധിച്ചു.

× × × ×

മീനം ൭-ാംനു മുതൽ ൧൦-ാംതീയതിവരെ കീക്കൊഴൂർ ഇംഗ്ലീഷ്സ്കൂളിൽ സുവിശേഷയോഗങ്ങൾ ഉണ്ടായിരുന്നു. പ്രാസംഗികന്മാർ മെസ്സേഴ്സ് കെ. ജി. തോമസ്, പി. സി. ജോൺ കെ. വി. സൈമൺ എന്നിവരായിരുന്നു. ഞായറാഴ്ച ഉച്ചതിരിഞ്ഞു പേരുച്ചാൽ കടവിൽവച്ചു ൩൭ പേർ വിശ്വാസസ്നാനം സ്വീകരിക്കയുണ്ടായി. അനന്തരം നദീതീരത്തുവച്ചു നടന്ന പരസ്യയോഗത്തിൽ കെ. വി. സൈമൺ അവർകൾ ഹൃദയാവർജ്ജകമായ ഒരു പ്രസംഗം ചെയ്തു. സ്ഥലത്തും പരിസരങ്ങളിലുംനിന്നു വളരെ ആളുകൾ ശ്രോതാക്കളായി വന്നിരുന്നു.

× × × ×

സ്വദേശാഭിമുഖനായ നമ്മുടെ ഏറ്റം പ്രിയപ്പെട്ട നോയൽ സായ്പവർകൾ ഫെബ്രുവരി മാസം ൧൪-ാംനു കമ്പനാട്ടുനിന്നും പുറപ്പെട്ട ൨൭-ാംനു മദ്രാസ്സിലെത്തി; അവിടെനിന്നു പെനാംഗ്, സൈപ്പിംഗ്, ക്വാലലംപോർ, സിംഗപ്പൂർ ഹോംഗ്കോംഗ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച ഷാംഗേയിൽ എത്തിയിരിക്കുന്നു. അദ്ദേഹം താമസിച്ചു കടന്നുപോയ സ്ഥലങ്ങളിൽ യോഗങ്ങൾ നടത്തിയും കർത്താവിന്റെ ഇപ്പാടങ്ങളിലേക്കു ആത്മാക്കളെ ആദായാർത്ഥന ചെയ്യിച്ചുമാണു സമയം വിനിയോഗിച്ചിട്ടുള്ളത്. കാനഡായിൽ എത്തി മി: മെയിനാർഡിന്റെ അതിഥിയായി താമസിച്ചശേഷം ഇദ്ദേഹം യുണൈറഡ്സ്റ്റേററിലേക്കു പോകുന്നതാണ്.

K. T. M.

# വെളിപ്പാടുപുസ്തകം

## ൨. നാലു മൃഗങ്ങളെപ്പററിയുള്ള ദൎശനം

നെബുഖദ്നേസർ മേല്പറഞ്ഞ സ്വപ്നം കണ്ടു് ൪൮ കൊല്ലം കഴിഞ്ഞശേഷം, അതായതു ബി. സി. ൫൫൫-ൽ ദാനിയേൽ തന്റെ ദൎശനത്തിൽ മഹാസമുദ്ര (മെഡിറററേനിയൻ) ത്തിന്റെ കരയിൽ നിൽക്കുന്നതായും അപ്പോൾ കടലിൽനിന്നു നാലു മൃഗങ്ങൾ യഥാക്രമം കരയിലേക്കു കയറിവരുന്നതായും കണ്ടു. ഈ മൃഗങ്ങളിൽ ഓരോന്നിനെക്കുറിച്ചും നമുക്കു ചിന്തിക്കാം.

ഒന്നാം മൃഗം. ഇതു സിംഹത്തിനു സദൃശവും കഴുകന്റെ ചിറകുകൾ ഉള്ളതുമായിരുന്നു. പ്രവാചകൻ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ അതിനെ നിലത്തുനിന്നു പൊക്കി മനുഷ്യനെപ്പോലെ നിവിൎത്തു നിൎത്തി. അതിന്നു മനുഷ്യഹൃദയവും കൊടുത്തു. ദാനി. ൭:൪. ലണ്ടനിലുള്ള ബ്രിട്ടീഷ് മ്യൂസ്യം സന്ദൎശിച്ചാൽ കഴുകന്റെ ചിറകുകളും മനുഷ്യശിരസ്സുമുള്ള ഭീമവും ശിലാമയവുമായ സിംഹപ്രതിമകൾ അവിടെ കാണാം. അവ ഏ. ഡി. ൧൮൪൫-ാം ൧൮൫൦-ാം ഇടയ്ക്കു സർ ഹെൻറി ലയാർഡിനാൽ ബാബിലോന്റെയും അസ്സീറിയയുടെയും നഷ്ടശിഷ്ടങ്ങളിൽനിന്നു കണ്ടെടുക്കപ്പെട്ടിട്ടുള്ളവയാണ്. അതുകൊണ്ടു ഈ ഒന്നാംമൃഗം ബാബിലോനെയും അതിന്റെ രാജാവായ നെബൂഖദ്നേസ്സരിനെയും ചിത്രീകരിക്കുന്നു. ഈ മൃഗത്തിന്റെ പ്രത്യേകത അതിനു കഴുകന്റെ ചിറകുകൾ ഉണ്ടായിരുന്നുവെന്നുള്ളതാണ്. മൃഗരാജാവായ സിംഹത്തിന്റെയും പക്ഷിരാജാവായ കഴുകന്റെയും ഈ മിശ്രണം ബിംബത്തിന്റെ കനകശിരസ്സാകുന്ന രാജത്വത്തോടു ഒത്തു വരുന്നു എന്നു മാത്രമല്ല, അതു നെബൂഖദ്നേസറിന്റെ സൈന്യങ്ങളുടെ ശീഘ്രതയെ സൂചിപ്പിക്കയും ചെയ്യുന്നു. ചിറകു പറിഞ്ഞുപോയി എന്നുള്ളതു നെബൂഖദ്നേസർ ബുദ്ധി നശിച്ചു മൃഗം പോലെ ആയിത്തീൎന്നതിനെയും (ദാനി. ൪:൩൦ — ൩൬) അതിനെ പൊക്കി ഒരു മനുഷ്യനെപ്പോലെ നിവിൎത്തു നിൎത്തി എന്നുള്ളതു അവന്റെ ബുദ്ധിയുടെ പുനഃസ്ഥാപനത്തെയും സംശയരഹിതമാംവണ്ണം കാണിക്കുന്നു.

രണ്ടാംമൃഗം. ഇതു ഒരു കരടിക്കു തുല്യമായിരുന്നു. "അതു ഒരു പാൎശ്വം ഉയൎത്തിയും വായിൽ പല്ലിന്റെ ഇടയിൽ മൂന്നു വാരിയെല്ലു കടിച്ചുപിടിച്ചുംകൊണ്ടു നിന്നു. അവർ അതിനോടു: എഴുന്നേററു മാംസം ധാരാളം തിന്നുക എന്നു പറഞ്ഞു." ദാനി. ൭:൫. സിംഹം കഴിഞ്ഞാൽ ബലമുള്ള മൃഗം കരടിയാണ്. അതു തീൻകൊതിക്കു പ്രത്യേകപ്പെട്ട മൃഗമാകുന്നു. അതിനു സിംഹത്തിന്റെ വേഗതയും ഗാംഭീൎയ്യവും അശേഷമില്ല. നടപ്പിൽ അതു [illegible]യില്ലാത്തതാണ്. [illegible] ട്ടം, വിവേകമില്ലാത്ത ശക്തിയും ചെറുബലവും പ്രയോഗിച്ചുമാണ് അതിന്റെ ഉദ്ദേശങ്ങൾ സാധിക്കുന്നതു്. മേദോപാൎസ്യസാമ്രാജ്യത്തിന്റെ ലക്ഷണങ്ങൾ ഈ വിധമായിരുന്നു. യുദ്ധയാത്രകളിൽ വേഗതക്കുറവും മാന്ദ്യവും അതിന്നു ധാരാളമുണ്ടായിരുന്നു. ധൈൎയ്യംകൊണ്ടോ സാമൎത്ഥ്യം കൊണ്ടോ അല്ല ഈ സാമ്രാജ്യം വിജയം നേടിയതു

നേരെ മറിച്ചു കണക്കില്ലാത്ത ഭടന്മാരെക്കൊണ്ടു ശത്രുക്കളെ മൂടിക്കളകയാലാണ്. ഗ്രീസിലേക്കുള്ള അൎത്ഥഹ്ശഷ്ടാവിന്റെ യുദ്ധയാത്രയിൽ ൨൫ ലക്ഷം ഭടന്മാരും ൨൫ ലക്ഷം പാളയവേലക്കാരും ഇങ്ങനെ ൫൦ ലക്ഷം സൈന്യങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. മറ്റു ചില പേർഷ്യ സൈന്യാധിപന്മാൎക്കു ലക്ഷം ഭടന്മാർ വീതമുള്ള സൈന്യങ്ങൾ ഉണ്ടായിരുന്നപോൽ! ഈ മഹാസൈന്യങ്ങളുടെ യാത്രയിൽ മാംസം ധാരാളം തിന്നുക നിഷ്പ്രയാസമാണല്ലോ. മഹാസ്സന്നവ സുലഭമായ ഈ സേനകളാൽ ശത്രുക്കൾക്കു വലിയ നാശമുണ്ടാകുമെന്നു മാത്രമല്ല ഇതിന്റെ അൎത്ഥം. ഇവർ കടന്നുപോകുന്ന രാജ്യങ്ങളിൽ നിന്നു വളരെ ഭക്ഷണസാധനങ്ങൾ ഇവർ ആക്രമിച്ചെടുക്കുന്നതിനാൽ തന്നിവാസികൾ ദുർഭിക്ഷംകൊണ്ടും സാംക്രമികരോഗങ്ങൾ മുതലായ മറ്റു കാരണങ്ങൾകൊണ്ടും, ലക്ഷക്കണക്കായി മരിച്ചുപോകുന്നതിനേയും ഇതു കാണിക്കുന്നു. അഭിഷേണനത്തിനായി ഉയൎത്തിയിരിക്കുന്ന കരടിയുടെ ഒരു വശം പേർഷ്യയാണ്. ആ സാമ്രാജ്യത്തിലത്രേ ഏറ്റവും വലിയ സൈനികശക്തി സ്ഥിതി ചെയ്തിരുന്നതു്. ബിംബത്തിന്റെ വലത്തെ തോളും ഭുജവും ഈ സാമ്രാജ്യം തന്നെ. മൂന്നു വാരിയെല്ലു് എന്നുള്ളതു് ലിഡിയാ, ബാബിലോൻ, ഈജിപ്റ്റു് എന്ന രാജ്യങ്ങളെ കുറിക്കുന്നു. മേദപാർസ്യ ശക്തിയെ തടുക്കുവാൻ ഈ മൂന്നു രാജ്യക്കാർ യോജിച്ചു് ഒരു സഖ്യം ചെയ്തിരുന്നു എങ്കിലും അവർ ശത്രുക്കളുടെ മുമ്പിൽ നിശ്ശേഷവിനാശം പ്രാപിക്കയാണുണ്ടായതു്.

മൂന്നാം മൃഗം: "പുള്ളിപ്പുലിക്കു സദൃശമായ മറ്റൊന്നിനെ കണ്ടു; അതിന്റെ മുതുകത്തു പക്ഷിയുടെ നാലു ചിറകുണ്ടായിരുന്നു. മൃഗത്തിനു നാലു തലയും ഉണ്ടായിരുന്നു. അതിനു് ആധിപത്യം ലഭിച്ചു". ദാനി. 7: 6 പ്രാണികളിൽവെച്ചു് എത്രയും ചുറുചുറുപ്പുള്ളതും കാഴ്ചയ്ക്കു ഭംഗിയുള്ളതുമാണു് പുള്ളിപ്പുലി. അതിന്റെ സ്വാഭാവികമായ വേഗത ചിറകുകളാൽ പരിപോഷിപ്പിക്കപ്പെട്ടു. ആകൃതിയിൽ ചെറിയതെങ്കിലും ബലമുള്ളതും വേഗതയുള്ളതും ക്രൗൎയ്യമുള്ളതുമായ മൃഗമത്രേ ഇതു്. അതിന്റെ സ്വഭാവ ഗുണങ്ങൾ അലക്സാണ്ഡർ മഹാന്റെ കീഴിൽ ഗ്രീക്കുകാൎക്കുണ്ടായ ശീഘ്രവിജയങ്ങളുടെ ഒരു ഉചിതമായ നിദൎശനമാകുന്നു. അലക്സാണ്ഡറിനെ ചെറിയതെങ്കിലും നല്ലവണ്ണം സജ്ജീകരിക്കപ്പെട്ടതും ധൈൎയ്യമുള്ളതുമായ സൈന്യങ്ങൾ പിന്തുടൎന്നു. വളരെ ചുണയോടുകൂടിയായിരുന്നു ഇവരുടെ യുദ്ധയാത്ര. ഏകദേശം പത്തുവർഷങ്ങൾകൊണ്ടു് അദ്ദേഹം പേർഷ്യരുടെ അജയ്യമായ സൈന്യങ്ങളെ നശിപ്പിക്കയും എല്ലാ പരിഷ്കൃതരാജ്യങ്ങളേയും കീഴടക്കുകയും ചെയ്തു. 'പക്ഷിയുടെ' എന്നു തർജ്ജമ ചെയ്തിരിക്കുന്ന സ്ഥാനത്തു് ഇംഗ്ലീഷു ഭാഷയിൽ Fowl എന്നാണു കാണുന്നതു്. ഈ വാക്കുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്ന പക്ഷികൾക്കു പൊക്കത്തിൽ പറക്കുവാൻ നിവൃത്തിയില്ല. ഇതുപോലെ അലക്സാണ്ഡറിന്റെ സൈന്യങ്ങൾക്കും ഉയൎന്ന മലപ്രദേശങ്ങളിലല്ല, നേരെമറിച്ചു താണ പ്രദേശങ്ങളിൽ നിന്നു യുദ്ധം ചെയ്യുവാനായിരുന്നു വിശിഷ്യാ പാടവം. പുള്ളിപ്പുലിയുടെ ചിറകുകളും തലകളും തമ്മിൽ എണ്ണത്തിൽ സാമ്യമുണ്ടു്. നാലു തലകൾക്കു നാലു

ജോടി ചിറകുകൾ വേണം. എന്നാൽ ചതുശ്ശിരസ്സായ ഈ മൃഗത്തിനു ആകെ നാലു ചിറകുകളേ ഉണ്ടായിരുന്നുള്ളു. ഈ നാലു ചിറകുകൾ അലക്സാണ്ഡർ തന്റെ ആധിപത്യം വ്യാപിപ്പിക്കുന്നതിനുദ്യമിച്ച ഭൂമിയുടെ നാലു കോണുകളെ കുറിക്കുന്നതല്ലെങ്കിൽ മറെറന്താണെന്നറിഞ്ഞുകൂടാ.

പുള്ളിപ്പുലിയുടെ നാലു തലകൾ അലക്സാണ്ഡറിന്റെ മരണശേഷം സേനാധിപന്മാർ അദ്ദേഹത്തിന്റെ സാമ്രാജ്യം വിഭജിച്ചെടുത്തുണ്ടാക്കിയ ത്രേയിസ്, മാസിഡോണിയാ, സിറിയാ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളെ കുറിക്കുന്നു. മൂന്നാംമൃഗം മഹാബിംബത്തിന്റെ വയർ, അര എന്നീ ഭാഗങ്ങളോടു യോജിക്കുന്നു.

നാലാംമൃഗം. ഇതു ദാനിയേൽ കണ്ടിട്ടോ കേട്ടിട്ടോ ഉള്ള യാതൊരു മൃഗത്തോടും സാമ്യമുള്ളതല്ലായിരുന്നു. "ഘോരവും ഭയങ്കരവും അതിബലവും ഉള്ള നാലാമതൊരു മൃഗത്തെക്കണ്ടു; അതിനു വലിയ ഇരിമ്പുപല്ലുണ്ടായിരുന്നു. അതു തിന്നുകയും തകർക്കുകയും ചെയ്തിട്ടു ശേഷമുള്ളതിനെ കാൽകൊണ്ടു ചവിട്ടിക്കളഞ്ഞു; മുമ്പെ കണ്ട സകല മൃഗങ്ങളിലുംവെച്ച് ഇതു വ്യത്യാസമുള്ളതായിരുന്നു. അതിനു പത്തു കൊമ്പുണ്ടായിരുന്നു." ദാനി. ൭: ൭. നാലാം മൃഗത്തിന് ഇരിമ്പുപല്ലുകളും, തലയിൽ പത്തു കൊമ്പുകളും ഉണ്ടായിരുന്നുവെന്നുള്ളതും, ഇരിമ്പു മഹാബിംബത്തിന്റെ ആയസാംഗങ്ങളോടും പത്തു കൊമ്പുകൾ അതിന്റെ പത്തുകാൽവിരലുകളോടും യോജിക്കുന്നുവെന്നുള്ള സംഗതി നാലാംമൃഗം നാലാം സാമ്രാജ്യമാകുന്ന റോമയാണെന്നു കാണുവാൻ ദാനിയേലിനു സഹായകമായിത്തീർന്നു.

എന്നാൽ ദാനിയേൽ പത്തുകൊമ്പുകളെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കെ, മറെറാരു ചെറിയ കൊമ്പ് അവയുടെ ഇടയിൽ മുളച്ചുവരികയും, ആദ്യത്തെ മൂന്നുകൊമ്പു വേരോടെ പറിഞ്ഞുപോകുകയും ചെയ്തു. ആ ചെറിയ കൊമ്പിനെ കുറെക്കൂടി ദാനിയേൽ സൂക്ഷിച്ചുനോക്കുമ്പോൾ അതിനു മനുഷ്യകണ്ണുകൾപോലെയുള്ള കണ്ണും, മനുഷ്യന്റെ വായ്പോലെയുള്ള വമ്പു പറയുന്ന വായും ഉണ്ടായിരുന്നുവെന്നു കണ്ടു. ദാനി. ൭: ൮. ഇതു ദാനിയേലിനെ കുഴക്കുകയും വിഷമിപ്പിക്കയും ചെയ്തു. മഹാബിംബത്തിൽ കണ്ട പത്തുവിരലിന്നിടയിൽ ഈ ചെറിയ കൊമ്പിനോടു യോജിപ്പുള്ളതായി ഒന്നും കാണ്മാൻ ദാനിയേലിനു കഴിഞ്ഞില്ല. ഇതു പുറജാതി രാജാവായ നെബുഖദ്നേസറിനു വെളിപ്പെടുത്തിക്കൊടുത്തിട്ടു ആവശ്യമില്ലാത്തതെന്നു ദൈവം അഭിപ്രായപ്പെട്ടിരുന്നതും ദാനിയേലിനും അവന്റെ ജനമാകുന്ന യഹൂദന്മാർക്കുമായി പ്രത്യേകം വേർതിരിച്ചുവയ്ക്കപ്പെട്ടിരുന്നതുമായ, നൂതനവും വിശേഷപ്പെട്ടതുമായ ഒരു വെളിപാടായിരുന്നുവെന്നാണു ധരിക്കേണ്ടതു്. കാരണം, പുസ്തകത്തിന്റെ ഒടുവിലത്തെ ആറു് അദ്ധ്യായങ്ങളിൽ കാണുന്ന ദാനിയേലിന്റെ സ്വന്ത ദർശനങ്ങൾ അവസാനദിവസങ്ങളിൽ യഹൂദന്മാരോടുള്ള ദൈവത്തിന്റെ ഇടപാടുകളെ അഭിമർശിക്കുന്നതാണെന്നുള്ള വാസ്തവം നാം മറന്നുപോകരുതു്. ദാനി. ൧൦: ൧൪. അതുകൊണ്ടു ദാനിയേൽ സമീപത്തുനിന്ന സ്വർഗ്ഗദൂതന്മാരിൽ ഒരുവന്റെ അരികെ ചെന്നു താൻ കണ്ടവയുടെ അർത്ഥം അവനോടു ചോദിച്ചു. നാലു മൃഗങ്ങൾ ഭൂമിയിൽ വാഴുവാനിരിക്കുന്ന നാലു ര

ജാക്കന്മാർ അഥവാ നാലു രാജ്യങ്ങൾ ആണെന്നു ദൂതൻ മറുപടി പറഞ്ഞു. വാക്യം ൨൩-. അനന്തരം ദാനിയേൽ മററു മൂന്നു മൃഗങ്ങളിൽ നിന്നും വ്യത്യാസപ്പെട്ട നാലാം മൃഗത്തെക്കുറിച്ചും, വിശേഷിച്ച് അതിന്റെ പത്തു കൊമ്പുകളുടെ ഇടയിൽ മുളച്ചുവന്ന ചെറിയ കൊമ്പിനെക്കുറിച്ചും അറിയുന്നതിന് അപേക്ഷിക്കയുണ്ടായി. ദൂതൻ പ്രസ്തുത വിഷയങ്ങൾ തെളിയിക്കുമ്പോൾ, നാലാം മൃഗത്തിന്റെ പത്തുകൊമ്പുകൾ എഴുന്നേല്പാനുള്ള പത്തു രാജാക്കന്മാരെ കുറിക്കുന്നുവെന്നും, ചെറിയ കൊമ്പ്, അവരുടെ ഇടയിൽ മുളച്ചുവന്ന് അവരെ കീഴടക്കുന്ന ഒരു രാജാവായിരിക്കുമെന്നും, മാത്രമല്ല ഈ രാജാവ് അസാധാരണ ബുദ്ധിയും, വലിയ വശിത്വവും, വമ്പു പറയുന്ന നാവുമുള്ള ഒരു മൂർത്തിയും, അഹങ്കാരിയും ധൃഷ്ടനും, അധികാര പ്രമത്തനും, ഉപദ്രവിയും, സമയങ്ങളും നിയമങ്ങളും മാററുവാനും, ശ്രമിക്കുമെന്നു മാത്രമല്ല, അത്യുന്നതനായവന്റെ വിശുദ്ധന്മാർ (ദാനിയേലിന്റെ ജനങ്ങൾ) അവന്റെ കൈകളിൽ കാലവും കാലങ്ങളും കാലാംശവും അതായതു മൂന്നര വർഷം ഏല്പിക്കപ്പെടുമെന്നുകൂടിയും ദൂതൻ ദാനിയേലിനെ അറിയിച്ചു.

നാലു മൃഗങ്ങളെക്കുറിച്ചുള്ള ഈ ദർശനത്തിൽ മഹാബിംബത്തിന്റെ ലോഹങ്ങളിൽ കണ്ടതുപോലെ ക്രമേണയുള്ള അധഃപതനം കാണുന്നു. മൃഗങ്ങളുടെ രാജാവായ സിംഹത്തിൽനിന്നു വിവരിച്ചുകൂടാത്ത ഒരു തരം ഭയങ്കര ദുഷ്ടമൃഗത്തിലേക്കത്രേ ഈ അധഃപതനം. പ്രസ്തുത സാമ്രാജ്യങ്ങൾ നാലും ആദ്യം സ്വർണ്ണശിരസ്സുള്ള ലോഹബിംബമായും അനന്തരം ദുഷ്ടമൃഗങ്ങളുടെ തുടർമാനമായും ചിത്രീകരിച്ചിട്ടുള്ളത് ലോകസാമ്രാജ്യങ്ങൾക്കു ലോകദൃഷ്ടിയിലും ദൈവദൃഷ്ടിയിലുമുള്ള വ്യത്യാസത്തെ കാണിക്കുന്നതിനത്രേ. മനുഷ്യൻ അവയെ ധനത്തിന്റേയും പ്രതാപത്തിന്റേയും അധികാരത്തിന്റേയും കേന്ദ്രമായി കാണുന്നു. ദൈവമോ അവയെ അന്യോന്യം ചീന്തി വിഴുങ്ങുന്ന ബുഭുക്ഷയുള്ള ദുഷ്ടമൃഗങ്ങളുടെ ഒരു തുടർച്ചയായി കാണുന്നു.

## ഒരു ചരമം.

ഇടയാറന്മുള വച്ചു നടന്ന യുവജനസംഘം വക യോഗത്തിൽ ഞങ്ങൾ ഇരിക്കുമ്പോൾ പൊടുന്നനവെ ഞങ്ങൾ സ്തംഭിച്ചുപോകുമാറു പൂവത്തൂർ ഒററാറ്റേത്തിൽ മത്ത്യുവിന്റെ വിയോഗവാർത്ത കേൾക്കയുണ്ടായി. ഈ യുവാവ് ഏതാനും മാസങ്ങൾ ഞങ്ങളുടെ അടുക്കൽ മലയാളഭാഷയിലെ ഉപരിഗ്രന്ഥങ്ങൾ വായിപ്പാൻ വരിക പതിവുണ്ടായിരുന്നു. ചുരുക്കമെങ്കിലും ഞങ്ങൾക്ക് ഈ യുവാവിനോട് പരിചയപ്പെടുവാൻ കിട്ടിയ അവസരം പ്രമോദപരിപൂർണ്ണമായിരുന്നു എന്നു പറയുന്നതിനു ഞങ്ങൾക്കു മടിയില്ല. താമസിയാതെ മി. മാത്യൂ മദ്രാസിൽ ഒരു ജോലിക്കായി പോയതിനാൽ ഞങ്ങളുടെ ഹൃദയം വിരഹവ്യാകുലമായിത്തീർന്നു. മദ്രാസിൽ ചെന്നശേഷം വിയോജിതൻ മാസികയുടെ പ്രചാരണത്തിൽ അത്യുത്സുകനായി പ്രവർത്തിച്ചുകൊ

ന്റെ തന്നെയാണിരുന്നതു്. ഈ സഹോദരൻ നിർവ്യാജസ്നേഹത്തിനും വിശ്വ-കശീലത്തിനും വിളനിലമായിരുന്നു. ഒരു ചെറിയ ജലദോഷമായിട്ടാണു് ഇദ്ദേഹത്തിനു രോഗം ആരംഭിച്ചതു്. നാലഞ്ചുദിവസങ്ങൾകൊണ്ടു ഇതു വർദ്ധിച്ചു ന്യൂമോണിയയായി പരിണമിക്കയും കുംഭം ൨൫-ാംനു- വ്യാഴാഴ്ച അതിരാവിലെ നിത്യതയിലേക്കു കടന്നുപോകയും ചെയ്തു. ഈ സ്നേഹഭാജനത്തെപ്പററി മാതാപിതാക്കന്മാർ, മാന്യവയോധികനും കർത്തൃദാസനുമായ ഫാൻഡ്ലിബേർഡ് സായ്പവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു.

"മൃത്യു കടന്നുപോയി എന്നു കേട്ടപ്പോൾ എനിക്കുണ്ടായ ആദ്യവിചാരം, അവൻ രക്ഷിക്കപ്പെട്ടവനായതുകൊണ്ടു ദൈവത്തെ സ്തുതിക്കേണ്ടതാണല്ലോ എന്നായിരുന്നു. അവൻ തന്നോടുകൂടി വേലചെയ്യുന്ന പ്രാജ തികളോടു രക്ഷയെക്കുറിച്ചു സംസാരി ച്ചുവന്നതു കൂടാതെ ഈ കെട്ടിടത്തിൽ നടക്കുന്ന പ്രാർത്ഥനായോഗത്തിൽ പങ്കുകൊള്ളുകയും പരസ്യയോഗങ്ങളിൽ ഞ ങ്ങളെ സഹായിക്കയും ചെയ്തുവന്നു. ഇപ്പോൾ അവൻ അവന്റെ കർത്താവിന്റെ സന്നിധിയിൽ എന്നേക്കുമായി ചെന്നുചേർന്നിരിക്കുന്നതുകൊണ്ടു അനുഗ്രഹിക്കപ്പെട്ടവൻ തന്നെ."

തനിക്കു കിട്ടിയ ചുരുങ്ങിയ ഒരവസരംകൊണ്ടു ക്രിസ്തുവിന്റെ ഒരു സത്യഭടനായി പോരാടിയ ഈ പ്രിയ സഹോദരന്റെ അകാലവിയോഗത്തെക്കുറിച്ചു ദുഃഖിച്ചിരിക്കുന്ന മാതാപിതാക്കന്മാരോടും സഹോദരങ്ങളോടും ഞങ്ങൾ ഗാഢമായി അനുശോചിക്കയും അവൎക്കു ആശ്വാസം നല്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യുന്നു.

---

## സുവിശേഷപ്രചാരണഫണ്ട്.

| | രൂ. | ണ. |
|---|---|---|
| ഇടക്കുരിമല | ൫ | ൦ |
| വർഗീസ്—കണിച്ചുകുളം | ൪ | ൦ |
| ചാക്കോ സാമുവേൽ | ൪ | ൦ |
| എം. വി. തോമസ് കോയിപ്പുറം | ൭ | ൦ |
| കോയിപ്പുറം | ൮ | ൮ |
| സീമോൻകുന്ന്—റാന്നി | ൨ | ൦ |
| മിസ്സസ് വി. ജെ. ഈശോ | ൪ | ൦ |
| അടൂർസഭ | ൨ | ൦ |
| കവുങ്ങുംപ്രയാർ | ൩ | ൦ |
| വെട്ടിപ്പുറം | ൪ | ൦ |
| പുല്ലികീഴ് | ൪ | ൦ |
| കണ്ണൻചെത്തുർ | ൮ | ൦ |
| കമ്പനാട്ട് | ൫ | ൦ |
| ഇടയാറൻമുള | ൮ | ൮ |
| ആകെ | ൫൫ | ൦ |